**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 5206 23/05/2017-ലെ മറുപടിയ്ക്ക്**

**പി.എം.കെ.എസ്.വൈ പദ്ധതി കരാർ ജീവനക്കാരെ പിരിച്ച് വിടുന്നതിന് കാരണം**

**ചോദ്യം** **ഉത്തരം**

**ശ്രീ. വി.ആർ. സുനിൽ കുമാർ** **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പി.എം.കെ.എസ്.വൈ ബാച്ച്-2 പദ്ധതികളുടെ കാലാവധി നീട്ടിയിട്ടുണ്ടോ; | (എ) | കൃഷി വകുപ്പും ജലസേചന വകുപ്പും പി.എം.കെ.എസ്.വൈ ബാച്ച്-2 പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നില്ല. ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന പി.എം.കെ. എസ്.വൈ-ഡബ്ല്യൂ.ഡി.സി പ്രോജക്ടുകളുടെ കാലാവധി 4 മുതൽ 7 വർഷം വരെയാണ്. പി.എം.കെ.എസ്.വൈ-ഡബ്ല്യൂ.ഡി.സി- ബാച്ച്-2 പദ്ധതികൾ 2010-11 നാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. പദ്ധതി കാലാവധി പരമാവധി 7 വർഷം കണക്കാക്കുമ്പോൾ 2017-18 ൽ അവസാനിക്കുന്നതാണ്. ബാച്ച്-2 പ്രോജക്ടിന്റെ പദ്ധതി കാലാവധി മാർച്ച് 2018 ൽ അവസാനിക്കും. |
| (ബി) | ബ്ലോക്ക് തലത്തിൽ എത്ര കരാർ ജീവനക്കാർ നിലവിൽ പി.എം.കെ.എസ്.വൈ പദ്ധതി പ്രകാരം ജോലി ചെയ്യുന്നുണ്ട്; | (ബി) | നിലവിൽ പി.എം.കെ.എസ്.വൈ പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പിൽ 129 കരാർ ജീവനക്കാർ ബ്ലോക്ക് തലത്തിൽ ജോലി ചെയ്യുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ജോലി ചെയ്തിരുന്ന കരാർ ജീവനക്കാരെ പിരിച്ച് വിടുന്നതിന് കാരണം ഫണ്ട് കുറഞ്ഞതാണോ; അല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (സി) | ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് കരാർ കാലാവധി ദീർഘിപ്പിക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ പ്രകൃതി വിഭവ പരിപാലനം കൂടാതെ ഏതെല്ലാം പ്രവൃത്തികൾ ബ്ലോക്ക് തലത്തിൽ നടപ്പിലാക്കുന്നു; | (ഡി) | പ്രകൃതി വിഭവ പരിപാലനത്തിനു പുറമെ ഉല്പാദന വർദ്ധനവിനായുള്ള പ്രവൃത്തികളും ജീവനോപാധിക്കുള്ള സഹായധനവും (JLG-കൾക്കുള്ള revolving fund) ഗ്രാമവികസന വകുപ്പ് വഴി നൽകി വരുന്നു. |
| (ഇ) | പിരിച്ചുവിട്ട കരാർ ജീവനക്കാരെ പദ്ധതി പൂർത്തീകരണ പ്രവൃത്തികൾക്കായി നിയോഗിക്കുന്നത് പരിഗണിക്കുമോ? | (ഇ) | ഫണ്ടിൻെറ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ